**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2077** **14-10-2024 - ൽ മറുപടിയ്ക്ക്**

**പൊലീസ് റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള പൊലീസിൽ സിവിൽ പൊലീസ് ഓഫീസർ തസ്തിക ഉൾപ്പെടെ വിവിധ തസ്തികകളിലേക്ക് പി.എസ്.സി. കാറ്റഗറി നമ്പർ 537/22, 595/22, 669/22, 672/22 എന്നിവ പ്രകാരം പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളിൽ നിന്നും വളരെ കുറഞ്ഞ എണ്ണം നിയമനങ്ങൾ മാത്രമാണ് നടന്നിട്ടുള്ളത് എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ 01/06/2024 വരെ ഉണ്ടായിരുന്ന എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. 01/06/2024 മുതൽ 01/06/2025 വരെ വിരമിക്കൽ മൂലം ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകൾ മുൻകൂറായി റിപ്പോർട്ട് ചെയ്ത് നിയമനം നടത്തി പരിശീലനം ആരംഭിക്കുന്നതിനു തത്തുല്യമായ എണ്ണം താത്കാലിക പരിശീലന തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. താൽകാലിക പരിശീലന തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് അർഹമായ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതാണ് കൂടാതെ റാങ്ക് ലിസ്റ്റിന്റെ കാലാവധിയിൽ വരുന്ന ഒഴിവുകൾ കൃത്യമായി അവലോകനം ചെയ്യുന്നതിനും സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അന്തർ-ജില്ലാ ട്രാൻസ്ഫർ, ബറ്റാലിയനിൽ നിന്നുള്ള കെ സി പി ട്രാൻസ്ഫർ എന്നിവ കഴിഞ്ഞു മാത്രമേ കൃത്യമായ ജില്ലാതല ഒഴിവുകൾ നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ. മേൽ പ്രക്രിയ പൂർത്തിയാക്കിയും ഒഴിവുകൾ അവലോകനം നടത്തിയും കൃത്യമായി ഒഴിവ് നിർണ്ണയം ചെയ്ത് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികകൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഒരു വർഷം മാത്രം കാലാവധിയുള്ള റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് ആറ് മാസം തികയുന്ന സാഹചര്യത്തിലും നിയമനങ്ങൾ നടക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) | പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ 01/06/2024 വരെ ഉണ്ടായിരുന്ന എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. 01/06/2024 മുതൽ 01/06/2025 വരെ വിരമിക്കൽ മൂലം ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകൾ മുൻകൂറായി റിപ്പോർട്ട് ചെയ്ത് നിയമനം നടത്തി പരിശീലനം ആരംഭിക്കുന്നതിനു തത്തുല്യമായ എണ്ണം താത്കാലിക പരിശീലന തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. താൽകാലിക പരിശീലന തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് അർഹമായ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതാണ് കൂടാതെ റാങ്ക് ലിസ്റ്റിന്റെ കാലാവധിയിൽ വരുന്ന ഒഴിവുകൾ കൃത്യമായി |

| | | | |
|---|---|---|---|
| | | | അവലോകനം ചെയ്യുന്നതിനും സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അന്തർ-ജില്ലാ ട്രാൻസ്ഫർ, ബറ്റാലിയനിൽ നിന്നുള്ള കെ സി പി ട്രാൻസ്ഫർ എന്നിവ കഴിഞ്ഞു മാത്രമേ കൃത്യമായ ജില്ലാതല ഒഴിവുകൾ നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ. മേൽ പ്രക്രിയ പൂർത്തിയാക്കിയും ഒഴിവുകൾ അവലോകനം നടത്തിയും കൃത്യമായി ഒഴിവ് നിർണ്ണയം ചെയ്ത് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികകൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ജോലിസമ്മർദ്ദം മൂലം നിരവധി പൊലീസ് ഉദ്യോഗസ്ഥർ ആത്മഹത്യ ചെയ്യുന്ന സാഹചര്യത്തിൽ സ്റ്റാഫ് ഷോർട്ടേജ് പരിഹരിക്കുന്നതിനായി കൂടുതൽ തസ്തികകൾ സൃഷ്ടിച്ച് മേൽപ്പറഞ്ഞ റാങ്ക് ലിസ്റ്റുകളിൽ നിന്നും അടിയന്തരമായി നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | അധിക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. നിലവിലെ അംഗബലം ഉപയോഗിച്ചുകൊണ്ട് പുനർവിന്യാസം വഴി പോലീസ് സ്റ്റേഷനുകളിലേയ്ക്ക് അധിക അംഗബലം കണ്ടെത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ